
# വേനൽപ്പൂക്കൾ



## ഗവ. ഹയർ സെക്കന്ററി സ്കൂൾ
## കോന്നി


FOUNDER OF OUR SCHOOL
Sri Ayilyam Thirunal Ramavarma



## ആശംസ

കോന്നി ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ്ഗ്രൂപ്പ് തയാറാക്കിയ
**വേനൽപ്പൂക്കൾ** എന്ന ഡിജിറ്റൽ മാഗസിന്
എല്ലാവിധ ഭാവുകങ്ങളും നേരുന്നു.വരും
വർഷങ്ങളിലും ഈ പ്രവർത്തനം
കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ചെയ്യാൻ കഴിയട്ടെ
എന്ന് ആശംസിക്കുന്നു.

ജമീല ബീവി എസ് എം
ഹെഡ്മിസ്ട്രസ്



## സന്ദേശം

കോന്നി ഗവ.  ഹയർ സെക്കൻഡറി  സ്കൂളിലെ വിദ്യാർത്ഥികൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന **"വേനൽപ്പൂക്കൾ"** എന്ന മാഗസിൻ കുട്ടികളുടെ വൈജ്ഞാനിക സർഗാത്മക കഴിവുകളുടെ നേർക്കണ്ണാടിയായി മാറട്ടെ  എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

കെ സന്തോഷ്
പ്രിൻസിപ്പൽ



ഉറങ്ങുമ്പോൾ
കാണുന്നതല്ല സ്വപ്നം
നിങ്ങളെ
ഉറങ്ങാൻ
അനുവദിക്കാത്ത
ഒന്നാണ് സ്വപ്നം

എ.പി.ജെ അബ്ദുൾ കലാം

# മുഖമൊഴി

വന്ദനം,

വേനൽക്കാലം വരവായി,
വേനലിലെ ചുട്ടുപൊള്ളും വെയിലിൽ
അക്ഷരങ്ങൾ ഒരു വസന്തമായി
വസന്തകാലത്തിൽ വേനൽപ്പൂക്കൾ വിടർന്നു

വേനൽപ്പൂക്കൾ എന്ന ഈ മാഗസിനിൽ
സാങ്കേതികതയും സർഗാത്മകതയും
ഒരുമിക്കുന്നു. നമ്മുടെ ആധുനികമായ
ജീവിതത്തിൽ കുളിർമ നൽകുന്ന പൂക്കൾ
തന്നെയാണ് ഈ മാഗസിൻ

എഡിറ്റർ

റിസ്വാൻ റിയാസ്



# എഡിറ്റോറിയൽ ബോർഡ്


Aromal P G


Kasinathan B


Aadil D


Nithin Suresh


Gokul Krishna


Ansil Ameen


Alen Geevarghese


Joji Biju Thomas


Anandhu S


Karthik S


Ann Maria Anu


Sheba Marium Duey

# ഉൾപ്പേജുകളിലൂടെ .....


നമ്മുടെ സ്ക്കൂൾ ................................................................ 9
കുടുംബം ................................................................ 11
അമ്മ ................................................................ 12
water pollution ................................................................ 13
എന്റെ ഭാഷ ................................................................ 14
കൃഷിച്ചൊല്ലുകൾ ................................................................ 15
ജീവിതമഴ ................................................................ 16
ചിത്രങ്ങൾ ................................................................ 17
വേഗമുറങ്ങു മകളേ ................................................................ 18
ലോകം പരിഷ്ക്കരണത്തിലേക്ക് ................................ 19
पेड़ ................................................................ .. 22
chandrayan ................................................................ 23
ലഹരിയല്ല ലഹരി ................................................................ 24
nature - a great teacher ....... ................................ 26
രാജഹംസമേ ... പ്രേമദൂതുമായ് ................................ 27
ചിത്രങ്ങൾ ................................................................ 28
കാറ്റിനെ പ്രണയിച്ചവൾ ................................ 29
the world is disposed by each person ............. 30
മിന്നാമിനുങ്ങ് ................................................................ 31
the rain ................................................................ 32
കാക്കയും മുത്തശ്ശിയും ................................................................ 33
ചിത്രങ്ങൾ ................................................................ 35
പഴഞ്ചൊല്ലുകൾ ................................................................ 36
തോമസ് ആൽവ എഡിസൺ ...................... 37
കാർട്ടൂൺ ................................................................ 38
freedom fest ................................................................ 39
group photo ................................................................ 40
മാഗസിൻ നിർമാണം ................................................................ 41

# നമ്മുടെ സ്കൂൾ

മലയോരപ്രദേശമായ കോന്നിയുടെ തിലകക്കുറിയായി പരിലസിക്കുന്ന കോന്നി ഗവ. ഹയർസെക്കന്ററി സ്കൂൾ ഈ



പ്രദേശത്തെ പ്രഥമ വിദ്യാലയമാണ്. 1863 ൽ ആയില്യം തിരുനാൾ രാമവർമ മഹാരാജാവാണ് ഈ സ്കൂൾ ആരംഭിച്ചത്. അന്ന് ഈ സ്കൂൾ ആൺ പള്ളിക്കൂടമായി അറിയപ്പെട്ടു. തുടർന്ന് 1870 ൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരു പെൺ പള്ളിക്കൂടവും അനുവദിച്ചു. ഇത് 1981-82ൽ ഹൈസ്കൂളായും 1998-99ൽ ഹയർ സെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ടു.

കോന്നി പട്ടണത്തിനുള്ളിൽ ഒരേക്കർ സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലായി 1600 ഓളം കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു. 60 ഓളം അധ്യാപക - അനധ്യാപകർ ഈ സ്കൂളിൽ ജോലി ചെയ്യുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച വിജയങ്ങൾ നേടി ഈ സ്കൂൾ പത്തനംതിട്ട ജില്ലയിലെ ഒരു മികച്ച സ്കൂളായി മാറിയിട്ടുണ്ട്.

കലോത്സവങ്ങളിലും ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര ഐ റ്റി മേളകളിലും ഈ സ്ക്കൂളിലെ കുട്ടികൾ  മികച്ച വിജയങ്ങൾ നേടുന്നു. ഈ വർഷത്തെ സംസ്ഥാന ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര ഐ റ്റി മേളയിൽ ഈ സ്ക്കൂളിലെ മൂന്ന് കുട്ടികൾ പങ്കെടുത്തു. സംസ്ഥാന  ഐ റ്റി മേളയിൽ ആനിമേഷനിൽ എട്ടാം കാളാസിൽ പഠിക്കുന്ന ആദിൽ ഡി രണ്ടാം സ്ഥാനം നേടി. ഇംപ്രവൈസ്ഡ് എക്സ്പിരിമെന്റ് വിഭാഗത്തിൽ ദക്ഷിണേന്ത്യൻ ശാസ്ത്ര മേളയിൽ സ്ക്കൂളിലെ കുട്ടികൾ പങ്കെടുത്തു സമ്മാനം നേടി.

പരിമിതമായ സ്ഥല സൗകര്യമേ ഉള്ളൂ എങ്കിലും കായികമേളയിലും ഈ സ്ക്കൂളിലെ കുട്ടികൾ മുൻപന്തിയിലാണ്. സംസ്ഥാന ക്രിക്കറ്റ് ടീമിലേക്ക് ഈ സ്ക്കൂളിലെ രണ്ട് കുട്ടികൾക്ക് സെലക്ഷൻ കിട്ടിയിട്ടുണ്ട്. ഡിസ്കസ് ത്രോയിലും ഈ സ്ക്കൂളിലെ ഒരു കുട്ടിക്ക് സംസ്ഥാന തലത്തിൽ എട്ടാം സ്ഥാനം ലഭിച്ചു.
എസ് പി സി, സ്കൗട്ട് ആന്റ് ഗൈഡ്, ലിറ്റിൽ കൈറ്റ്സ്, ജെ ആർ സി, എൻ എസ് എസ് തുടങ്ങിയ ക്ലബുകൾ സ്ക്കൂളിൽ പ്രവർത്തിക്കുന്നു.



# കുടുംബം

അച്ഛാ അച്ഛാ.....
എനിക്ക് സ്ക്കൂളിൽ നിന്നും
മെഡൽ കിട്ടി
അമ്മേ അമ്മേ.....
നോക്കിയേ മെഡൽ
അമ്മേ എനിക്ക് എന്തിനാ
മെഡൽ കിട്ടിയത് എന്ന്
അറിയാമോ
ഞാൻ സ്ക്കൂളിൽ
കലോത്സവത്തിൽ
പ്രസംഗിച്ചതിൽ ഒന്നാം
സ്ഥാനം പിന്നെ
ചിത്രരചനയും ഒന്നാം
സ്ഥാനം ആണ്
അല്ലെങ്കിലും മോൾ മിടുക്കി
വാവ അല്ലേ....
മോളെ അച്ഛൻ എന്താ
മോൾക്ക് വാങ്ങിച്ചു
തരേണ്ടത്?
എനിക്ക് ഒരു സൈക്കിൾ
മതി അച്ഛാ...
മോളേ കൂടാതെ
അച്ഛന്റെയും അമ്മയുടെയും
വക സമ്മാനവും ഉണ്ടാവും
മോള് അടുത്ത പരീക്ഷ
നല്ലത്പോലെ എഴുതണേ
അപ്പോൾ അച്ഛൻ
മോളുവിന് സമ്മാനം
നൽകും.
അമ്മേ ഉറപ്പായിട്ടും..
സത്യം!
സത്യം.

ദിവസങ്ങൾക്കു ശേഷം

അച്ഛാ.... അമ്മേ നോക്ക്
എനിക്ക് എല്ലാത്തിനും
മാർക്ക് ഉണ്ട് അച്ഛാ എന്റെ
സൈക്കിൾ അച്ഛൻ പറഞ്ഞു
മോള് റൂമിൽ പോയി ഉടുപ്പ്
മാറിയിട്ട് വാ
ശരി അച്ഛാ.
ഹായ്! സൈക്കിൾ
മോള് അച്ഛനെ
കെട്ടിപിടിച്ചു..
അച്ഛാ എനിക്ക് സൈക്കിൾ
ഒരുപാട് ഇഷ്ടപ്പെട്ടു.

ജോജി ബിജു തോമസ്



# അമ്മ

അമ്മയെന്നൊരു വാക്കു
ചൊന്നാൽ തുളുമ്പും
മധുരവും പാലും തേനും
വായുവാണെന്നമ്മ
ദൈവമാണെനിക്കമ്മ
ഊട്ടുന്നതമൃതം
ലാളിക്കുന്നിതെപ്പോഴും

കിഷോർ



# WATER POLLUTION

Aadil D

Water pollution is the contamination of water bodies eg ; lakes, river, oceans,aquifers and groundwater. Very often by human activities. It occurs when pollutants. Particles, chemical or substances that make water contaminated are discharged directly or indirectly into water bodies without enough treatment to get rid of harmful compounds. Water pollution is the addition of any substance that has a negative effect on water or the living this that depend on water. The effects of water pollution are not only devastating to people but also to animals, fish, and birds. Polluted water is unsuitable for drinking,recreation,agriculture and industry. Water pollution is a global issue that needs the evaluation and careful scrutiny of all the water resources and it is suggested that the water pollution is the major reason of deaths and diseases in the world. The water pollution accounts for the death of nearly 14,000 people per day and in this issue if we talk about india then it is estimate that every day 580 people die due to the illness related to the water pollution. This pollution may negative effect.

# എന്റെ ഭാഷ

ഉച്ചയ്ക്കു പീടിക പൂട്ടിയച്ഛൻ
ഉഷ്ണിച്ചൊഴുകി വരുന്ന കാര്യം
കൊച്ചമ്മണിപ്പശു ഞങ്ങൾ കേൾക്കാൻ
ഉച്ചത്തിൽ നീട്ടിപ്പറഞ്ഞ ഭാഷ
ചോറുണ്ണാറായില്ലേ, വന്നതില്ലേ
മോരിന്റെ കിണ്ണമവിടെയില്ലേ
കിങ്ങിണിപ്പൂച്ച വന്നെത്തി നോക്കി
സങ്കടപ്പെട്ടു വിളിച്ച ഭാഷ
ഓലമേഞ്ഞൊറ്റമുറിപ്പുരയിൽ
ചാണകംതേച്ച നിലത്തിരുന്ന്
ഓലയിൽ പണ്ടു പഠിച്ച കാവ്യം
ഓർമ്മിച്ചുചൊല്ലുമമ്മൂമ്മഭാഷ
പള്ളിക്കൂടത്തിന്നടുത്ത വീട്ടിൽ
വെള്ളംചോദിച്ചു കൊണ്ടുച്ചതോറും
റേഡിയോപ്പാട്ടു കവർന്നെടുക്കാൻ
റാകിപ്പറന്നു മൂളുന്ന ഭാഷ
അന്നത്തെയാപ്പശു ചത്തുപോയി
കിണ്ണത്തിൽ മോരു പുളിച്ചുപോയി
ഓലപ്പുര മാറ്റി, വാർത്തവീടിൻ
മൂലയിൽ റേഡിയോ മൂകമായി
മുറ്റത്തു ചാരുകസേരയിട്ട്
ഒറ്റയ്ക്കിരുന്നു നിലാവുകാൺകെ
ഇപ്പൊഴുമെന്നിരുകണ്ണിലൂടെ
ഇറ്റുവീഴുന്നുണ്ടു മാതൃഭാഷ

- ആർ പ്രസന്നകുമാർകടമ്മനിട്ട

# കൃഷിച്ചൊല്ലുകൾ

കതിരിൽ വളം വച്ചിട്ടു കാര്യമില്ല !

ആഴത്തിൽ ഉഴുത് അകലത്തിൽ നടണം

ഇല്ലംനിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ.

എളിയവരും ഏത്തവാഴയും ചവിട്ടും തോറും തഴക്കും.

ഒക്കത്തു വിത്തുണ്ടെങ്കിൽ തക്കത്തിൽ കൃഷിയിറക്കാം.

ഒരു വിള വിതച്ചാൽ പലവിത്തു വിളയില്ല.

കർക്കടകം കഴിഞ്ഞാൽ ദുർഘടം കഴിഞ്ഞു.

കളപറിക്കാത്ത വയലിൽ വിള കാണില്ല.

കാർത്തിക കഴിഞ്ഞാൽ മഴയില്ല.

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.

മകരത്തിൽ മഴ  പെയ്താൽ മലയാളം മുടിയും.

വയലിൽ വിളഞ്ഞാലേ വയറ്റിൽ പോകൂ

വിത്തുഗുണം പത്തുഗുണം.

വിത്താഴം ചെന്നാൽ പത്തായം നിറയും.

സമ്പത്തുകാലത്തു തൈ പത്തുവെച്ചാൽ
ആപത്തുകാലത്തു കാ   പത്തു തിന്നാം.

കന്നിക്കൊയ്ത്തിന്റെ സമയത്ത് മഴ ദോഷം തീരും.

വിളഞ്ഞ കണ്ടത്തിൽ വെള്ളം തിരിക്കണ്ട.

# ജീവിതമഴ

ജീവിതമാകും മഴ നനയുന്ന ഞാൻ
വഴിയറിയാതെയുഴലുന്ന നേരം
ദുഃഖത്തിൻകാർമേഘച്ചുരുളുകൾ മൂടിയാ
സന്തോഷകാലം മറഞ്ഞോരുനേരം
വ്യാഖ്യാനിക്കുവാൻ
വാക്കുകളില്ലാതെ മൗനമായ്
ഞാനിരുന്നോരുനേരം
സ്നേഹമായ് വന്നൊരു മാരുതൻ
പിന്നീട് കോപത്താലെന്നെ വിറപ്പിച്ചനേരം
മൂകമാം സത്യങ്ങളാർത്തലച്ചെത്തി
കലിതുള്ളിയാടി തിമിർത്തോരുനേരം
സന്തോഷമാകും വെയിൽവന്ന നാളുകൾ
ഓർമകൾ മാത്രമായ് പോയൊരുനേരം
സൗഹൃദമാകും പൂമൊട്ടുകളൊക്കവേ
വിരിയാൻ മടിച്ചിരുന്നോരുനേരം
ജീവിതമാകും മഴനനയുന്ന ഞാൻ
ദുഃഖമാം നിമിഷങ്ങൾ പങ്കിട്ടനേരം
ബന്ധങ്ങളാകും മരങ്ങൾ കടപുഴകിയോരുനേരം
മഴകൾ സമ്മാനിക്കുന്നോരോർമ്മകൾ പലതാണു
പലതും നിറംമങ്ങിയ ജീവിതവും
മഴയോരഴകാണ്, ഭംഗിയാണ്, കുളിരാണ്,
കുളിരുന്നൊരോർമ്മയാണ്
എന്നാൽ ആ മഴയുടെ പിന്നിലൊളിഞ്ഞിരിക്കുന്നു
ദുഃഖമാമോർമ്മയും മൂകമാം സത്യവും

ആർഷ












Karthik Krishna

## വേഗമുറങ്ങു മകളേ...

വേഗമുറങ്ങൂ മകളെ, വെയിൽ
ചായുന്ന കൊന്നപ്പൂ പോലെ
അമ്പിളി പൊൻതിടമ്പേന്തും കരിം
കൊമ്പനായ് രാത്രി വരുന്നു.
അമ്മയില്ലാത്തവർക്കെല്ലാം അപ്പോളമ്മയായ്
ഞാൻ നിലാവാകും.
വറ്റും പുഴയിൽ നീർപാടു, തളിർ
മുറ്റും ഉണങ്ങിയ കാട്ടിൽ.
വേഗമുറങ്ങൂ മകളേ, രാവിൻ
പൂമരം പൂത്തുലയുന്നു.
കാറ്റിൽ ചുമലിലെ കാണാച്ചെണ്ട
ചാറ്റൽ മഴ തന്നിരമ്പു
വേഗമുറങ്ങൂ മകളെ, വേഗം
വേഗമുറങ്ങൂ മലരേ ...

കിഷോർ എസ് ജെ

<u>പ്രണയം</u>

പ്രണയത്തിൻ
കടമ്പുപൂക്കും താഴ്‌വരയിൽ
കാലം വിരിച്ചിട്ട
മിഴിപ്പൂവിന്നിതൾ
കാറ്റിൽ പറക്കുമ്പോൾ
വലംകൈയാൽ വാരിയാരോ
വഴിനീളെ വിതയ്ക്കുമ്പോൾ
വലയുന്നു നാമിന്ന് വിവശരായ് നിൽക്കുന്നു.

# ലോകം പരിഷ്കരണത്തിലേക്ക്

പുലർച്ചെ തന്നെ മുത്തശ്ശി ചായ ഇടുന്ന തിരക്കിലായിരുന്നു പഠിച്ചുകൊണ്ടിരുന്ന പേരക്കുട്ടിക്ക് മുത്തശ്ശി ചായ നൽകി .
13 കാരിയായ മിയ അത്ഭുതത്തോടെ ചോദിച്ചു " മുത്തശ്ശി എന്തിനാ ഈ ജോലിയൊക്കെ ചെയ്യുന്നത് ഇത് വർഷം 2050 ആണ് ഇതിനെല്ലാം ഇവിടെ റോബോട്ടുകൾ ഉണ്ടല്ലോ" .
" ഒരു ചായ ഇട്ടു എന്ന് പറഞ്ഞു എന്തു കുഴപ്പം ഉണ്ടാവാനാ മോളെ അല്ല നീ എന്താ ഈ ചെയ്യുന്നത് പഠിക്കുകയാണോ അതോ കളിക്കുന്നോ, ഞങ്ങളൊക്കെ ഇങ്ങനെ 24 മണിക്കൂറും ഫോണിൽ നോക്കിയിരിക്കില്ലായിരുന്നു കാലം പോയ പോക്കേ" മുത്തശ്ശി പറഞ്ഞു
മിയ തർക്കിച്ചു " ഇന്നത്തെ കാലത്ത് എല്ലാം AI (ആർട്ടിഫിഷ്യൽ ഇൻറലിജൻസ്) ഉപയോഗിച്ചാണ് നടക്കുന്നത് .
ഇന്ന് ബുക്കുകളെക്കാൾ അധികം പഠിക്കാൻ ഉപയോഗിക്കുന്നത് ലാപ്ടോപ്പും ഫോണും ഒക്കെയാണ് ഇത്രയും പറഞ്ഞ് വീണ്ടും മിയ പഠിക്കാൻ തുടങ്ങി.

മിയയുടെ വീട്ടിൽ ആകെ അഞ്ച് പേരാണ് ഉള്ളത് ISRO യിലെ സയന്റിസ്റ്റ് ആയ മിയയുടെ ചേട്ടൻ ഹെൻറി പിന്നെ ബിസിനസ് വ്യാപാരിയായ അച്ഛനും കമ്പനി എംപ്ലോയ് ആയ അമ്മയും ഒരു മുത്തശ്ശിയും ..

പഠനശേഷം മിയ ഡൈനിങ് റൂമിലെത്തി പ്രഭാതഭക്ഷണം വിളമ്പുന്നതും വീട്ടുജോലികൾ ചെയ്യുന്നതും എല്ലാം മിയയുടെ വീട്ടിലെ റോബോട്ട് ആണ്
കഴിക്കാൻ തുടങ്ങിയ മിയ ലാപ്ടോപ്പ് ഒക്കെ മാറ്റിവെച്ച് മുത്തശ്ശിയോട് ഓരോ കാര്യങ്ങൾ ചോദിക്കാനായി തുടങ്ങി
പണ്ടുമുതൽ തന്നെ ഒരോ പുതിയ കാര്യങ്ങൾ അറിയുന്നതിൽ വളരെ താല്പര്യമുള്ള കൂട്ടത്തിലാണ് മിയ അതിനാൽ തന്നെ പ്രായത്തിൽ കവിഞ്ഞ ബുദ്ധിയും ലോകവിവരവും അവൾക്ക് ഉണ്ടായിരുന്നു

അവൾ ജിജ്ഞാസയോടെ ചോദിച്ചു മുത്തശ്ശി മുത്തശ്ശിയുടെ ചെറുപ്പത്തിൽ റോബോട്ടുകളും ഇൻറർനെറ്റും ഒക്കെ ഉണ്ടായിരുന്നോ മിയ ചോദിച്ചു
എൻറെ കുട്ടിയെ എനിക്ക് ഇതൊന്നും വലുതായി ഉപയോഗിക്കാൻ പോലും അറിയില്ല ഇന്നത്തെ കാലത്ത് എന്തൊക്കെ സജ്ജീകരണങ്ങളാണ് അല്ല ആ യന്ത്ര മനുഷ്യന്റെ പേരെന്തായിരുന്നു? മുത്തശ്ശി ചോദിച്ചു
റോബോട്ട് എന്നാ മുത്തശ്ശി . മിയ പറഞ്ഞു

ആ റോബോട്ട്, എന്റെ ഒക്കെ ചെറുപ്പത്തിൽ ആകെയുള്ളത് ഒരു കുഞ്ഞു ഫോൺ

ആണ് അതും കുട്ടികൾക്ക് ഒന്നുമില്ല
എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ
അമ്മയുടെയോ അച്ഛന്റെയോ
ഫോൺ ആണ് ഉപയോഗിക്കാറ് പള്ളിക്കൂടത്തിൽ ഒക്കെ പോയി വന്നാലും കൂട്ടുകാരുടെ ഒപ്പം മാങ്ങ പൊട്ടിക്കാനും ഊഞ്ഞാലാടാനും ഒക്കെയാണ് പോകാറ് മുത്തശ്ശി പറഞ്ഞു നിർത്തി...



മുത്തശ്ശി ഈ പള്ളിക്കൂടം എന്നാൽ
എന്താണ് മിയ ആകാംക്ഷയോടെ
ചോദിച്ചു പള്ളിക്കൂടം സ്കൂളാണ്
കുഞ്ഞേ അല്ല ഇന്നത്തെ
പിള്ളേർക്ക് ഇത് വല്ലതും
അറിയുമോ .. ??അപ്പോഴേക്കും
മിയയുടെ അമ്മ കമ്പനിയിൽ
പോകാനായി റെഡിയായി വന്നു
മിയയെ സ് കൂളിലേക്ക് വിടാൻ
അവളുടെ അമ്മയ്ക്ക്
സമയമില്ലായിരുന്നു അതിനാൽ
തന്നെ മുത്തശ്ശിയാണ് സ്കൂളിൽ
കൊണ്ടാക്കിയത് പോകുന്ന വഴി
മുത്തശ്ശി പറഞ്ഞു
ഈ റോബോട്ട് ഒക്കെ ഓടിക്കുന്ന
വണ്ടിയിൽ എന്ത് വിശ്വസിച്ചാണ്
ഇരിക്കുന്നത് ..?
എല്ലാവരും ഇങ്ങനെയല്ലേ മുത്തശ്ശി
യാത്ര ചെയ്യുന്നത് മിയ പറഞ്ഞു

മുത്തശ്ശി തുടർന്നു
എത്ര വലിയ കെട്ടിടങ്ങളാണ്
ട്രാഫിക് പോലീസിന് പകരവും
റോബോട്ട് മിയ ചെറുതായി ഒന്ന് ചിരിച്ചുകൊണ്ട് ആ ചോദ്യത്തെ നേരിട്ടു കാരണം അവർക്ക് മുത്തശ്ശി പറഞ്ഞ കാര്യങ്ങളെ പറ്റി ഒന്നും വലിയ
ധാരണ ഉണ്ടായിരുന്നില്ല അവളുടെ
ജനനം മുതൽ അവൾ
കണ്ടുതുടങ്ങിയത് ഈ പരിഷ്കരിച്ച
ലോകത്തെയാണ്

അപ്പോഴാണ് മിയയുടെ ചേട്ടൻ
വീഡിയോ കോളിൽ വന്നത്
വിശേഷങ്ങൾ ഒക്കെ ചോദിച്ചും
പറഞ്ഞും അങ്ങനെ

അരമണിക്കൂറോളം അവരുടെ
സംസാരം നീണ്ടുനിന്നു ഫോൺ
വെച്ച ശേഷം അവൾ
സന്തോഷത്തോടെ പറഞ്ഞു
മുത്തശ്ശി അറിഞ്ഞോ ഹെൻറി
ചേട്ടനും ഗ്രൂപ്പും ആണ്
അടുത്തതായി ചൊവ്വയിലേക്ക്
മനുഷ്യനെ അയക്കുന്നത് ..
ഇത് കേട്ടപ്പോൾ തന്നെ
മുത്തശ്ശിക്കും ഒരുപാട്

സന്തോഷമായി ശേഷം മുത്തശ്ശി പറഞ്ഞു
മോളെ നിനക്കറിയാമോ എൻറെ ചെറുപ്പത്തിൽ തന്നെ ചൊവ്വയിലേക്ക് മനുഷ്യനെ അയക്കുന്നതിനെ പറ്റി അന്താരാഷ്ട്ര തലത്തിൽ ഒരുപാട് ചർച്ചകൾ നടന്നിട്ടുണ്ട് എന്നാൽ അന്നൊന്നും നടക്കാത്ത ആ കാര്യം ഇപ്പോൾ എൻറെ ചെറുമകൻ ചെയ്യുന്നതിൽ എനിക്ക് ഒരുപാട് സന്തോഷം തോന്നുന്നു.

അങ്ങനെ മിയ അവളുടെ സ്ക്രൂളിൽ എത്തി എല്ലാ ക്ലാസ് മുറികളിലും വലിയ സ്ക്രീനുകളും പ്രോജക്ടറും പഠിപ്പിക്കാൻ ടീച്ചർമാർക്ക് പകരം റോബോട്ടുകൾ അതുപോലെ കുട്ടികൾക്ക് പുസ്തകങ്ങൾക്ക് പകരം ലാപ്ടോപ്പുകളിൽ ബുക്കിൽ ഉള്ളതിലേറെ ഡേറ്റകൾ നൽകിയിട്ടുണ്ട്..
അങ്ങനെ മിയയെ സ്ക്രൂളിൽ ആക്കി തിരിച്ചുള്ള യാത്രയിൽ മുത്തശ്ശി ചിന്തകളിലേക്ക് ആഴ്ന്നുപോയി

"ഇന്ന് എന്തൊക്കെ സജ്ജീകരണങ്ങളാണ് തനിയെ ഓടുന്ന വണ്ടികളും പറക്കുന്ന കാറുകളും ഭൂമിക്കടിയിലൂടെയുള്ള റോഡുകളും ഫാക്ടറികളും എന്തിനേറെ എന്തൊരു സാധനം വേണമെങ്കിലും റോബോട്ടുകൾ വീട്ടിലെത്തിക്കുന്നു ഉണ്ടല്ലോ "
അങ്ങനെ നേരം സന്ധ്യയായി മുത്തശ്ശിയും മിയയും ചായ കുടിക്കാൻ എത്തി അപ്പോഴാണ് (കീ......) എന്നൊരു ശബ്ദം കേട്ടത്

എന്താ മോളെ ഒരു ശബ്ദം കേട്ടത് മുത്തശ്ശി ചോദിച്ചു
അത് കരണ്ട് പോയപ്പോൾ ഇൻവെർട്ടർ ഓൺ ആയതാണ് മുത്തശ്ശി ഇപ്പോൾ വാങ്ങിയ ഇൻവേർട്ടറിന് ഇങ്ങനെ ഒരു ശബ്ദം ഉണ്ട്

പണ്ടൊക്കെ കരണ്ട് പോകുമ്പോൾ ഇങ്ങനെ ഒന്നും അധികം ഉണ്ടായിരുന്നില്ല സാമ്പത്തികമായും കുറച്ച് പിന്നോക്കത്തിൽ ആയതിനാൽ തന്നെ ഞാൻ ഇതൊന്നും കണ്ടിട്ട് പോലുമില്ല അന്നൊക്കെ ഞങ്ങൾ മെഴുകുതിരിയും മണ്ണെണ്ണ വിളക്കുമൊക്കെയായിരുന്നു വെളിച്ചത്തിനായി ഉപയോഗിച്ചിരുന്നത് പലപ്പോഴും കറണ്ട് പോയാൽ പിറ്റേന്നാണ് വരാറ്...

എന്നാൽ ഇപ്പോൾ ശാസ്ത്രം വളരുകയല്ലേ പണ്ടത്തെതിൽ നിന്നും ഇപ്പോൾ ലോകം സുന്ദരം ആവുകയാണല്ലോ....
ലോകം പരിഷ്കരണത്തിന്റെ വാതിൽ തുറന്നിരിക്കുന്നു

വളരുകയാണ് ലോകം ഓരോ ദിവസവും!!!......

ആർഷ സതീഷ്



# पेड़

हरे-भरे ये पेड़ बड़े,
हरदम रहते थे खड़े,
बारिश में ये खूब नहाने,
डाली - डाली फूल खिलाते
तेज धूप से हमें बचाते;
हम छाया में इनकी सुस्ताने,
मीठे फल ये हमें खिलाते,
परोपकार का पाठ सिकाते ।

# Chandrayan-3



Chandrayan – 3 , is the third mission in the Chandrayan programme, a series of lunar-exploration missions developed by the Indian Space Research Organisation (ISRO) Launched on 14 July 2023, the mussion consists of a lunars lander named Vikram and a lunar rover named Pragyan, similar to those launched abroard Chandrayan-2 in 2019.

Chandrayan- 3 was launched from Satish Dhawan Space Centre on 14th July 2023. The space craft entered lunar orbit on 15th August, and the lander, touched down near the Lunar South pole on 23 ad August at 18:03 1ST, making India the forth country to successfully land on the Moon, and the first to do so near the lunar south pole. On 3xd September, the lander hopped and repositioned itself 30-40 cm from its landing site. After the completion of its mission objectives, it was hoped that the lander and rover would revive for extra tasks, on 22 September 2023, but missed the wakeup call. On September 30, the second lunar night began, eliminating hopes of revival.

Aneeta Daniel

# ലഹരിയല്ല ലഹരി

സമൂഹത്തിൽ വർധിച്ചുവരുന്ന മയക്കുമരുന്നടക്കമുള്ള ലഹരിവസ്തുക്കളുടെ ഉപയോഗത്തെപ്പറ്റി ഏറെ ചർച്ചചെയ്യുന്ന സന്ദർഭമാണ് ഇത്. പല പേരിലും രൂപങ്ങളിലും പലവിധത്തിലുമുള്ള മാരകലഹരിപദാർഥങ്ങൾ നമ്മുടെ അരികിലേക്ക് എന്നുന്നുണ്ട്. പ്രത്യേകിച്ച് സ്കൂൾ, കോളേജ് വിദ്യാർഥികളെ ലക്ഷ്യമിട്ട്.

## ഹാലൂസിനോജനുകൾ

നമ്മുടെ ചിന്തകളെയും മാനസികാവസ്ഥകളെയും ഒറ്റയടിക്ക് മാറ്റാൻ കഴിയുന്ന രാസവസ്തുക്കളാണ് ഹാലൂസിനോജനുകൾ. അപകടകാരികളായാ കഞ്ചാവ്, എംഡിഎംഎ, എൽ എസ്ഡി എന്നിവ ഹാലൂസിനോജനുകളാണ്. ഒരു മനുഷ്യായുസ്സിനെ അപ്പാടെ തകർത്തു 'കളയാൻ കഴിയുന്ന രാസപദാർഥങ്ങളാണ് എംഡിഎംഎ പോലെയുള്ള മയക്കുമരുന്നുകൾ



എം‌ഡിഎം‌എ എന്ന്
വിളിക്കുന്ന മാരകമായ
മയക്കുമരുന്ന്
ആഗോളതലത്തിൽ
ഇപ്പോൾ
വ്യാപകമാകുകയാണ്.

## ലഹരി അടിമത്തം

ഒരേ സമയം
മനസ്സിനെയുംശരീരത്തെ
യും അടിമയാക്കാൻ
മയക്കുമരുന്നുകൾക്ക്
കഴിയുന്നു. ആദ്യ
ഉപയോഗത്തിൽതന്നെ
കടുത്ത അടിമകളാക്കി
മാറ്റും. ലഹരിയോടുള്ള
അടിമത്തം
മസ്തിഷ്കരോഗമാണ്.
മസ്തിഷ്കത്തിലെ
ആനന്ദ പാത
എന്നൊരു നാളിയുണ്ട്
അവിടെ 'ഡോപമിൻ
'ഹോർമോൺ
പുറപ്പെടുവിക്കുമ്പോഴാണ്
ആനന്ദമുണ്ടാകുന്നത്.
ലഹരിവസ്തുകൾ
നിരന്തരം
ഉപയോഗിക്കുമ്പോൾ ഈ
'ആനന്ദ പാത'യ്ക്കു മേൽ
ഈ വസ്തുക്കൾ
ആധിപത്യം സ്ഥാപിക്കും
അതിനാൽ പിന്നീട് ആ
ആനന്ദം
ലഭിക്കണമെങ്കിൽ ആ
വസ്തുക്കൾ തന്നെ
വീണ്ടും
ഉപയോക്കിക്കേണ്ട
അവസ്ഥ.
സംജ്ഞാതമാകുന്നു.

ലഹരിയിലേക്ക്
എത്തിപ്പെടാതിരിക്കുക
എന്നതുമാത്രമാണ്
ലഹരി ഉപയോഗവുമായി
ബന്ധപ്പെട്ട പ്രശ്നങ്ങൾ
ഉണ്ടാകാതിരിക്കാനുള്ള
മാർഗം.
ബോധവൽക്കരണം
കൊണ്ടും ശക്തമായ
നിയമനടപടികൾക്കൊ
ണ്ടും സാമൂഹ്യഇടപ്പെടൽ
കൊണ്ടും ഈ ദുരന്തത്തെ
അകറ്റാനാകും.

ഗംഗ മുരളി

# NATURE :- A GREAT TEACHER



Nature is like mother. It is essential for us because it provides all the basic needs of life. Nature is also a great teacher he can learn many lessons from her. The flower blooms only for a day, you it keeps smiling till the end.

this is a lesson for us. We should live our life to the fullest, how short it may be. Water is Soft but it flows over hard rocks, the rocks give in . In the same way our problems may be difficult but if we perrist, they too give in. Tiny ants organise themselves and carry away heavy Insects. They teach us that we can do impossible Hast through homework. Similarly the bare tree in winter come back to its green majesty once again in spring. We can learn from it that the difficult time will with us forever. This nature is the greatest gift of God never remain is the greatest to mankind. Every object of nature teaches us something about life

Hridya R Binu

# രാജഹംസമേ.....പ്രേമദൂതുമായ്....

ദേവദൂതന്മാരായാണ്
രാജഹംസങ്ങളെ
പണ്ടുമുതൽക്കേ
കരുതിപ്പോരുന്നത്. അപൂർവ്വ
ചാരുതയാർന്ന
രാജഹംസങ്ങൾ കൂട്ടമായി
സഞ്ചരിക്കുവാൻ
ഇഷ്ടപ്പെടുന്നവരാണ്.
ഏറ്റവും വലിയ കൂട്ടമായി
സഞ്ചരിക്കുന്ന പക്ഷികൾ
എന്ന ബഹുമതിയും
രാജഹംസങ്ങൾക്കാണ്.
അവരുടെ ശിശുവിഹാര
കേന്ദ്രങ്ങളും ശ്രദ്ധേയമാണ്
ആഫ്രിക്കായിലെ മഹാഭ്രംശ
താഴ്വരയുടെ ഭാഗമാണ്
സോഡാ തടാകങ്ങൾ. ക്ഷാര
ഗുണമുള്ള ചുണ്ണാമ്പുകുന്നുകൾ
കോട്ട് തീർക്കുന്ന സോഡാ
തടാകങ്ങളിൽ ഒരുവിധപ്പെട്ട
ജീവികളാരും
എത്തിനോക്കുകയില്ല.
അത്തരം
തടാകങ്ങളിലൊന്നാണ്
കുഞ്ഞുങ്ങളുടെ
വിഹാരകേന്ദ്രമായ നാട്രോൺ
തടാകം. കുഞ്ഞുങ്ങൾക്ക് ഒരാഴ്ച
പ്രായമാകുമ്പോഴാണ്
അച്ഛനമ്മമാർ അവരെ
തടാകത്തിലെത്തിക്കുന്നത്.

ഒരേ സമയം
മുപ്പതിനായിരത്തോളം
കുഞ്ഞുങ്ങൾ സോഡാ,
തടാകത്തിൽ നിന്നും
എൺപതു കിലോമീറ്റർ
അകലെയാണ്
ശുദ്ധജലതടാകങ്ങൾ.
കുഞ്ഞുങ്ങൾ സോഡാ
താടാകത്തിൽ സസുഖം
വാഴുമ്പോൾ അച്ഛനമ്മമാർ
ദൂരത്തുള്ള ശുദ്ധജല
തടാകങ്ങളിൽ ഇരപിടിക്കുന്ന
തിരക്കിലായിരിക്കും.
കുഞ്ഞുങ്ങളുടെ
കൂട്ടക്കരച്ചിലിനിടയിൽ
സ്വന്തം കുഞ്ഞിന്റെ കരച്ചിൽ
തിരിച്ചറിയാൻ
രാജഹംസങ്ങൾക്ക്
അപാരവൈഭവമാണ്.
അമ്മ കഴിച്ച പകുതി ദഹിച്ച
ആഹാരം തികട്ടി കുഞ്ഞിനെ
ഊട്ടുന്നു. കുഞ്ഞുങ്ങൾ
മൂന്ന്മാസം
പ്രായമാകുന്നതുവരെ അവർ
സോഡാ തടാകം
ഉപേക്ഷിക്കില്ല.

മന്യ മനീഷ്


By





# കാറ്റിനെ പ്രണയിച്ചവൾ

കാലമെത്രയോ കടന്നുപോയി...
നേരമെത്രയോ മാഞ്ഞു ...
എങ്കിലും ഇന്നീ സന്ധ്യയിൽ
ഉമ്മറപ്പടിയിൽ കാത്തിരിക്കുന്നു നിനക്കായ് ...
മഞ്ഞാൽ കുളിർന്നയെൻ സ്വപ്നങ്ങളിൽ ഒരു
വസന്തമായിരുന്നു നീ ...
ഈറനണിഞ്ഞ എൻ മുടിയിഴകൾക്ക്
പ്രണയമായിരുന്നു നിന്നോട് ...
കുപ്പിവളകൾ അണിഞ്ഞ എൻ കൈകൾ
നിന്നെ തഴുകി തലോടൽ കൊതിച്ചു നിന്നു ...
അറിയാതെ ഞാനും നിന്നിലേക്ക് അലഞ്ഞു
ചേർന്നു
നേരമായി നിന്നെ പിരിയുവാൻ ...
പോകുന്നു ഞാൻ ആറടി മണ്ണു തേടി
അന്തിയുറങ്ങും നേരം നിൻ
സ്പർശനത്തിനായ് കാത്തിരിക്കാം
ഞാനിവിടെ

(Aaron Sam Raj)

# THE WORLD IS DISPOSED BY EACH PERSON

The world is disposed by each person ;
the way that to get our world is farming.
Please be a good person ;
because of we now the world is becoming
a dessert .
If we do same for longer ;
the world become a empty round .
If we want a meaningful world for tomorrow ;
please plant anything good for tomorrow

Ann Maria Anu




# മിന്നാമിനുങ്ങ്



മൂവന്തി നേരത്ത്
ഇരുളിന്റെ മറവിൽ
മിന്നിത്തിളങ്ങുന്ന
മിന്നാമിനുങ്ങുകളെ
കാണ്ണിമ ചിമ്മാതെ
കാവലിരിക്കുന്ന
മൂങ്ങച്ചേട്ടൻ കണ്ടിടല്ലേ
മിന്നിത്തിളങ്ങുന്ന
വിളക്കൊന്നു കെട്ടാൻ
ഒറ്റക്കൊത്തിനകത്താക്കും.....
മുഹമ്മദ് മനാഫ്

# THE RAIN



The rain is so beautiful
When it rains through my gardens
My flower glisten with the sum
when the rain falls on
The hills and valleys
It makes our eyes drink in
The beautiful of nature
It comes to the earth
From the beautiful sky to beautiful earth
Like a cherry that fall on the ground
Rain is so such beautiful
That it makes people full of joy and it
makes them sad as well

Dakshina C Lal

# കാക്കയും മുത്തശ്ശിയും

ഒരിടത്ത് ഒരു മുത്തശ്ശി
ഉണ്ടായിരുന്നു. ആ
മുത്തശ്ശി തന്റെ വീടും
പരിസരവും
വൃത്തിയായി
സൂക്ഷിക്കുമായിരുന്നു.
പൂക്കളും ചെടികളും
വെച്ച് പിടിപ്പിച്ച് വീടും
പരിസരവും ഭംഗിയായി
സൂക്ഷിക്കുമായിരുന്നു.

എന്നാൽ
പക്ഷികളെയും
ചെടികളേയും ഒത്തിരി
ഇഷ്ടപ്പെട്ടിരുന്നു. മുത്തശ്ശി
മുറ്റത്തും മരക്കൊമ്പിലും
വന്നിരുന്ന
കാക്കകളുമായി
നിരന്തരം
വഴക്കടിച്ചിരുന്നു, ശോ?
ഈ കാക്കകളെ കൊണ്ട്




തോറ്റു. എപ്പോൾ
നോക്കിയാലും
മുറ്റത്തുണ്ടാകും പോ ശല്യം!
മുത്തശ്ശി എന്തിനാണ്
എപ്പോഴും കാക്കകളെ
ഓടിക്കുന്നത്. അവർക്കു
ഭംഗി
ഇല്ലാത്തതുകൊണ്ടാണോ!
ആരെയും വിലകുറച്ചു
കാണരുത് അത് അത്ര
നല്ലതല്ല. അങ്ങനെ
ഇരിക്കെ മുത്തശ്ശി
കിടപ്പിലായി കട്ടിലിന്റെ
അരികിലെ
ജനാലയിലൂടെ
വെളിയിലേക്ക് നോക്കിയ
മുത്തശ്ശി തന്റെ മുറ്റത്തു
കിടക്കുന്ന ഇലകളും
കമ്പുകളും കണ്ട് വിഷമിച്ചു.
അയ്യോ എന്റെ വീടും
പരിസരവുമെല്ലാം
വൃത്തികേടായി
കിടക്കുന്നല്ലോ. ആരെയും
സഹായത്തിനു കിട്ടുന്നും
ഇല്ലല്ലോ. ഇനിയും
അസുഖം മാറിയിട്ട്
വൃത്തിയാക്കാം. പതിവ്
പോലെ മരക്കൊമ്പിലും
മുറ്റത്തും കാക്കകൾ
വന്നിരുന്നു. വീട്ടു മുറ്റത്തെ
ഇലകളും കമ്പുകളും കണ്ട്
മുത്തശ്ശി വീട്ടിൽ ഇല്ലിയോ
അതോ വല്ല വയ്യാഴിക
വല്ലതുമാണോ. എന്നാൽ
നമുക്ക് വീടും പരിസരവും
വൃത്തിയാക്കി
കൊടുത്താലോ അത്
മുത്തശ്ശിക്ക് ഇഷ്ടപ്പെടുമോ.
വാ കൂട്ടുകാരെ നമ്മുക്ക്
വൃത്തിയാക്കി കൊടുക്കാം.
കാക്കകൾ എല്ലാം കൂടി വീടും
പരിസരവും വൃത്തിയാക്കി.
ജനാലയിലൂടെ ഇത് കണ്ട
മുത്തശ്ശിക്ക് സങ്കടമായി. ഈ
പാവങ്ങളെ ആണല്ലോ
ഞാൻ ആട്ടി ഓടിച്ചത്.
മുത്തശ്ശി അകത്തു ചെന്ന്
നെയ്യപ്പം എടുത്ത്
കാക്കകൾക്ക് കൊടുത്തു
അങ്ങനെ കാക്കകളും
മുത്തശ്ശിയും ചങ്ങാതികൾ
ആയി .

ഗൗരവ് ജി കൃഷ്ണ







# പഴഞ്ചൊല്ലുകൾ

വിദ്യാധനം സർവധനാൽ പ്രധാനം

ഓണം വരാനൊരു മൂലം വേണം.

വിത്ത് ഗുണം, പത്ത് ഗുണം

പല തുള്ളി പെരുവെള്ളം

ഒരുത്തനെ തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്നു തോന്നും .

മൗനം വിദ്വാന് ഭൂഷണം

മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ്

അണ്ണാറക്കണ്ണനും, തന്നാലായത്

അനുഭവം മഹാഗുരു

ആവശ്യക്കാരന്, ഔചിത്യം പാടില്ല.

പാടത്തു ജോലി വരമ്പത്തു കൂലി

അത്തം കറുത്താൽ ഓണം വെളുക്കും

പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ അവിടെ പന്തം കൊളുത്തി പട

ഒരുമ ഉണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

അൻസു

# തോമസ് ആൽവ എഡിസൺ

മനുഷ്യജീവിതത്തെ മാറ്റിമറിച്ച ഒട്ടേറെ കണ്ടെത്തലുകൾ നടത്തിയ ഒരു അമേരിക്കക്കാരനാണ് തോമസ് ആൽവാ എഡിസൺ മിലാനിലെ ഒരു സാധാരണ കുടുംബത്തിലാണ് എഡിസൺ 1847-ജനിച്ചത് ഫെബ്രുവരി 11-നാണ് അദ്ദേഹം ജനിച്ചത് ഫോണോഗ്രാഫ്, ചലച്ചിത്ര കാമറ, വൈദ്യുത ബൾബ് തുടങ്ങി ലോകത്തെമ്പാടുമുള്ള ജീവിതങ്ങളെ സ്വാധീനിക്കുന്ന തരത്തിലുള്ള ശ്രേഷ്ഠമായ കാണത്തലുകൾ അദ്ദേഹം നടത്തി. മെൻലോപാർക്കിലെ മാന്ത്രികൻ എന്ന് അറിയപ്പെട്ടിരുന്ന എഡിസൺ ഒരു വമ്പൻ വ്യവസായ സാമ്രാജ്യത്തിന്റെ അധിപനും കൂടി ആയിരുന്നു. വൻ തോതിലുള്ള നിർമ്മാണവും ഒത്തൊരുമയോടുള്ള പ്രവർത്തനവും അദ്ദേഹം കണ്ടുപിടിത്തങ്ങളോട് സമന്വയിപ്പിക്കുകയുണ്ടായി. ആദ്യ വ്യാവസായിക റിസർച്ച് ലബോറട്ടറി സ്ഥാപിച്ചയാളെന്ന ബഹുമതിയും എഡിസനുള്ളതാണ് . മഹാന്മാരായ കണ്ടുപിടിത്തക്കാരിൽ പ്രമുഖസ്ഥാനമാണ്  കൂടാതെ യുണൈറ്റഡ് കിങ്ഡത്തിലേയും , ഫ്രാൻസിലെയും, ജെർമനിയിലേയും പേറ്റൻ്റുകൾ എഡിസൻ്റെ പേരിലുള്ളതാണ്. ലോക ചരിത്രത്തെ ഏറ്റവും സ്വാധീനിച്ച നൂറു വ്യക്തികളുടെ ഹ്രസ്വചരിത്രമായ മൈക്കിൾ ഹാർട്ട് 1978-ൽ പ്രസിദ്ധീകരിച്ച 'ദ ഹൻഡ്രഡ് എന്ന പുസ്തകത്തിൽ എഡിസണ് 35 ആം സ്ഥാനമാണുള്ളത്. ബഹുജന ആശയവിനിമയത്തിനുതകുന്ന ധാരാളം കണ്ടുപിടിത്തങ്ങളും അദ്ദേഹം നടത്തി. ഓഹരിവില പ്രദർശിപ്പിക്കുന്ന ടിക്കാർ, യാന്ത്രികമായി സമ്മതിദാനം രേഖപ്പെടുത്തുന്ന സംവിധാനം, ഇലക്ട്രിക് കാറിലുപയോഗിക്കാവുന്ന ഉത്പാദന -വിതരണ സംവിധാനങ്ങൾ റെക്കോഡ് ചെയ്ത സംഗീതം, ചലച്ചിത്രങ്ങളുടെ സാങ്കേതിക സംവിധാനങ്ങൾ എന്നിവയും എഡിസണിൻറെകണ്ടുപിടിത്തങ്ങളിൽ പെടുന്നു. ആദ്യകാലത്ത് ഒരു ടെലിഗ്രാഫ് ഓപ്പറേറ്ററായിരുന്നു എഡിസൺ.

വർഷ വിനോദ്

# കാർട്ടൂൺ



ഗോകുൽ കൃഷ്ണ

# FREEDOM FEST

2023 ആഗസ്റ്റ് 12 ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ "ARDUINO UNO" ഉപയോഗിച്ച് ഉണ്ടാക്കിയ ഉപകരണങ്ങളുടെ പ്രദർശനം സ്കൂളിലെ കമ്പ്യൂട്ടർ ലാബിൽ വച്ച് നടത്തി. HM ഇൻ ചാർജ്ജ് ശ്രീമതി ബിന്ദു എസ് ഉദ്ഘാടനം നടത്തി. കൈറ്റ് മാസ്റ്റർ ട്രയ്നർ ശ്രീ തോമസ് എം ഡേവിഡ്, ശ്രീ മനു മാത്യു എന്നിവർ ക്ലാസ് എടുത്തു . ഈ ക്ലാസിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിൻ്റെ പ്രയോജനങ്ങളെ കുറിച്ചും വ്യത്യസ്ത സോഫ്റ്റ് വെയറുകളുടെ ഉപയോഗവും മനസ്സിലാക്കാൻസാധിച്ചു.

പ്രദർശനത്തിൽ, Arduino Traffic light നമ്മൾ നിശ്ചയിക്കുന്ന ഇടവേളകളിൽ ഇടവിട്ട് പച്ച, മഞ്ഞ, ചുമപ്പ് മാറി മാറി പ്രകാശിക്കുന്നു. Senser കൊണ്ടും servo motor കൊണ്ടും കോഴിക്ക് ഭക്ഷണം കൊടുക്കുന്ന Demo തയ്യാറാക്കി. അതുപോലെ light Senser സഹായത്തിലൂടെ ഇരുണ്ട സമയങ്ങളിൽ പ്രകാശം പരത്തുന്നു. Senser ന്റെയും സഹായത്താൽ ഒരു മനുഷ്യൻ റൂമിലേക്ക് കയറുമ്പോൾ sense പ്രവർത്തനം ആരംഭിക്കുകയും പ്രകാശം നിൽക്കുകയും ചെയ്യുന്നു. അതുപോലെ തിരിച്ച് പുറത്തേക്ക് ഇറങ്ങുംപോൾ senser ന്റെ പ്രവർത്തനം നിൽക്കുന്നു. അങ്ങനെ പ്രകാശം അണയുന്നു.



# LITTLE KITES 2022-2025 BATCH



# LITTLE KITES 2023-2026 BATCH



# മാഗസിൻ നിർമാണം







# ഹൃദയപൂർവം

ഈ അക്ഷരപാത്രത്തെ
വിഭവസമൃദ്ധമാക്കിയ
പ്രിയപ്പെട്ട സഹപാഠികൾ
മാർഗ്ഗദർശകരായ അധ്യാപകർ ...
സഹൃദയരായ വായനക്കാർ .....
എല്ലാവരോടുമുള്ള
സ്നേഹവും നന്ദിയും
രേഖപ്പെടുത്തട്ടെ.

എഡിറ്റർ